# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4445** **25.10.2016- ൽ മറുപടിക്ക്**

### കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം

**ചോദ്യം**
**ശ്രീ.എസ്.ശർമ്മ**

**ഉത്തരം**
**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിലെ ചെറുതും, വലുതുമായ വിവിധ നെയ്ത്ത് ശാലകളിൽ നെയ്യുന്ന കൈത്തറി ഉൽപ്പന്നങ്ങൾ തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിച്ച് വിപണിയിൽ എത്തിക്കുവാനും തൊഴിലാളികൾക്ക് അർഹമായ വേതനം ലഭ്യമാക്കുകയും ചെയ്യുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) നെയ്ത്തുകാരിൽ നിന്നും സംഘങ്ങളിൽ നിന്നും കൈത്തറി ഉൽപന്നങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്നതിന് ഹാന്റക്സ്, ഹാൻവീവ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് അടുത്ത വർഷം മുതൽ കൈത്തറി യൂണിഫോം നൽകുന്ന പദ്ധതിയും സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) കൈത്തറി മേഖലയുടെ തകർച്ച നേരിടാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | (ബി) കൈത്തറി മേഖലയുടെ തകർച്ച നേരിടാൻ സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.<br>1. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി.<br>2.കൈത്തറി സംഘങ്ങളുടെ നവീകരണം, വർക്ക് ഷെഡ് നിർമ്മാണവും മെയിന്റനൻസും,ഡൈഹൗസ് മെയിന്റനൻസ്.<br>3. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം.<br>4.നൈപുണ്യ വികസന പരിശീലന പരിപാടികൾ.<br>5.ആസ്തി വർദ്ധനവിനും പ്രവർത്തന മൂലധനത്തിനും സർക്കാർ ഓഹരി പങ്കാളിത്തം.<br>6.മാർജിൻ മണി വായ്പ (അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന്).<br>7.പ്രവർത്തന മൂലധനത്തിനു വേണ്ടി മാർജിൻമണി ഗ്രാന്റ്.<br>8.വിപണന മേളകളിൽ പങ്കെടുത്ത് വിപണനം നടത്തുന്നതിന് എക്സിബിഷൻ ഗ്രാന്റ്.<br>9. റിബേറ്റ് ആനുകൂല്യം.<br>10.സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊഡക്ട് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് പദ്ധതി. |

**സെക്ഷൻ ഓഫീസർ**